ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.05.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പാകിസ്ഥാൻറെ മിസൈൽ, ഡ്രോൺ ആക്രമണ ശ്രമങ്ങൾ പരാജയപ്പെടുത്തിയതിന് പിന്നാലെ അതിർത്തി സംസ്ഥാനങ്ങളിൽ ജാഗ്രത കർശനമാക്കി ഇന്ത്യ. രാജ്യത്തിൻറെ അഖണ്ഡതയും, പരമാധികാരവും കാത്തുസൂക്ഷിക്കുമെന്ന് ഇന്ത്യൻ സായുധ സേന.

   Indian armed forces thwarted all attempts by Pakistan to target northern and western cities using drones and missiles last night. Indian Army asserted that it remains committed to safeguarding the sovereignty and territorial integrity of the nation.

2) നിയന്ത്രണ രേഖയിൽ നുഴഞ്ഞുകയറാൻ ശ്രമിച്ച ഏഴ് പാക് ഭീകരരെ ബിഎസ്എഫ് വധിച്ചു. സൈനിക മേധാവികളുമായി കൂടിക്കാഴ്ച നടത്തി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്.

   Border Security Force also foiled a major infiltration attempt at the International Boundary in Jammu and Kashmir's Samba district last night killing at least seven terrorists. Defence Minister Rajnath Singh chaired a high-level meeting to review the security situation.

3) സേനാ നീക്കങ്ങളുടെ തത്സമയ റിപ്പോർട്ടിംഗിൽ നിന്ന് വിട്ടുനിൽക്കാൻ മാധ്യമങ്ങൾക്ക് നിർദേശം നൽകി പ്രതിരോധ മന്ത്രാലയം

Government has asked all media channels, digital platforms and individuals to refrain from live coverage or real-time reporting of defence operations and movement of security forces.

4) കേരളത്തിൽ നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്.

Kerala Health Department intensified preventive measures after reporting Nipah Virus Case in Malappuram district.

5) സംസ്ഥാനത്ത് എസ് എസ് എൽ സിപരീക്ഷാഫലം ഇന്ന് പ്രഖ്യാപിക്കും.

SSLC exam results will be declared today in Kerala.

*****************

**<u>JK DRONE</u>**

ജമ്മു കശ്മീരിലും, രാജ്യത്തിൻറെ വടക്ക്, പടിഞ്ഞാറൻ നഗരങ്ങളിലും പാകിസ്ഥാൻ ഇന്നലെ രാത്രി നടത്തിയ ഡ്രോൺ, മിസൈൽ ആക്രമണ ശ്രമങ്ങൾ പരാജയപ്പെടുത്തി ഇന്ത്യ. ജമ്മു, പത്താൻകോട്ട്, ഉധംപൂർ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമാക്കി പാകിസ്ഥാൻ നടത്തിയ ആക്രമണ നീക്കങ്ങളും ഇന്ത്യ നിർവീര്യമാക്കി. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. രാജ്യത്തിൻറെ അഖണ്ഡതയും, പരമാധികാരവും സംരക്ഷിക്കാൻ സുശക്തമായി നിലകൊള്ളുമെന്ന് കരസേന വ്യക്തമാക്കി. ജമ്മു കശ്മീരിലെ സത്വാരി, സാംബ, ആർഎസ് പുര, അർണിയ മേഖലകൾ ലക്ഷ്യമിട്ട് പാകിസ്ഥാൻ അയച്ച എട്ട് മിസൈലുകളാണ് വ്യോമ പ്രതിരോധ സംവിധാനത്തിലൂടെ ഇന്ത്യ പരാജയപ്പെടുത്തിയത്. സാംബയിലെ നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ നടത്തിയ നുഴഞ്ഞുകയറ്റ

ശ്രമങ്ങളും അതിർത്തി സംരക്ഷണ സേന പരാജയപ്പെടുത്തി. നുഴഞ്ഞു കയറാൻ ശ്രമിച്ച ഏഴ് ഭീകരരെ ബിഎസ്എഫ് വധിച്ചു. ധാംധർ സൈനിക പോസ്റ്റിൽ നിന്നും പാക് സേന വെടിവെയ്പ്പ് തുടരുന്നതിനിടെയാണ് ഭീകരരുടെ വലിയ സംഘം നുഴഞ്ഞുകയറാൻ ശ്രമിച്ചത്. നിയന്ത്രണരേഖയിലെ വിവിധഭാഗങ്ങളിൽ പാക്സേന വെടിനിർത്തൽ ലംഘനം തുടരുകയാണ്. എന്നാൽ സംഘർഷം കൂടുതൽ രൂക്ഷമാകരുത് എന്ന നിലപാടാണ് ഇന്ത്യ തുടക്കം മുതൽ സ്വീകരിക്കുന്നത്. പഹൽഗാം ഭീകരാക്രമണമാണ് സൈനിക നടപടിയിലേക്ക് നയിച്ചതെന്നും, പാക് പ്രകോപനങ്ങളോട് പ്രതികരിക്കുക മാത്രമാണ് ഇന്ത്യ ചെയ്യുതെന്നും കേന്ദ്രസർക്കാർ നിലപാട് ആവർത്തിച്ചു.

*****************

## PUNJAB-PAK FIRING

പഞ്ചാബിലെ പത്താൻകോട്ട്, ജലന്ധർ, അമൃതസർ, ബഠിംഢ എന്നിവിടങ്ങളിൽ പാകിസ്ഥാൻ ഇന്നലെ രാത്രി നടത്തിയ ഡ്രോൺ ആക്രമണ ശ്രമങ്ങളും ഇന്ത്യൻ സായുധ സേന പരാജയപ്പെടുത്തി. പഠാൻകോട്ട്, രജൗരി എന്നിവിടങ്ങളിൽ ചാവേർ ആക്രമണം ഉണ്ടായതായുള്ള റിപ്പോർട്ടുകളും പ്രതിരോധ മന്ത്രാലയം തള്ളി. പാകിസ്ഥാനുമായി 553 കിലോമീറ്റർ ദൈർഘ്യത്തിൽ അതിർത്തി പങ്കിടുത്ത സംസ്ഥാനമെന്ന നിലയിൽ പഞ്ചാബിൽ ജാഗ്രത കർശനമാക്കിയിരിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചതിനു പുറമേ, അവധിയിലുള്ള പോലീസ് ഉദ്യോഗസ്ഥരെ അടിയന്തിരമായി തിരികെ വിളിച്ചു. അടിയന്തര ഘട്ടങ്ങളെ നേരിടാൻ തയ്യാറായിരിക്കണമെന്ന് ആരോഗ്യ പ്രവർത്തകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതേസമയം ചണ്ഡിഗഢിലെ വ്യോമത്താവളത്തിൽ ഇന്നും അപകട സൈറൺ മുഴങ്ങി. ജനങ്ങളോട് വീടുകൾക്കുള്ളിൽ തന്നെ കഴിയാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

*****************

## Rajastan Gujarat

രാജസ്ഥാൻ, ഗുജറാത്ത് തുടങ്ങിയ അതിർത്തി സംസ്ഥാനങ്ങളിലും കർശന ജാഗ്രത തുടരുകയാണ്. പാകിസ്ഥാൻറെ ആക്രമണ ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ രാജസ്ഥാനിലെ ബാർമർ, ജയ്സാൽമിർ, ബിക്കാനിർ, ജോധ്പൂർ, ഫലോദി, ശ്രീ ഗംഗാനഗർ എന്നിവിടങ്ങളിൽ ഇന്നലെ രാത്രി ബ്ലാക്ക് ഔട്ട് പ്രഖ്യാപിച്ചിരുന്നു. അതിർത്തി മേഖലയിലെ വിദ്യാലയങ്ങൾക്ക് അവധി നൽകിയതിന് പുറമേ, അവധിയിലുള്ള ഉദ്യോഗസ്ഥരെ രാജസ്ഥാൻ സർക്കാർ അടിയന്തരമായി മടക്കിവിളിച്ചിട്ടുണ്ട്. ഗുജറാത്ത് അതിർത്തിയിലെ സുരക്ഷാ സ്ഥിതിഗതികൾ സംസ്ഥാന സർക്കാർ ഉന്നതതലയോഗം ചേർന്ന് വിലയിരുത്തി. കച്ച്, പത്താൻ, ബനസ്കന്ദ മേഖലയിൽ ജാഗ്രത കർശനമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ആറ് വിമാനത്താവളങ്ങൾ താത്കാലികമായി അടച്ചതിന് പുറമേ കച്ച് മേഖലയിൽ മത്സ്യബന്ധനത്തിനും നിയന്ത്രണമേർപ്പെടുത്തി. ചണ്ഡിഗഢിലും ലേയിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്നും നാളെയും അടച്ചിടാൻ അധികൃതർ നിർദേശം നൽകി. പഞ്ചാബ് സർവകലാശാല തിങ്കളാഴ്ച വരെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു . ഹിമാചൽ പ്രദേശിലെ ഉന ജില്ലയിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകിയിട്ടുണ്ട്. നിലവിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഡൽഹി സർക്കാരും ഉദ്യോഗസ്ഥരുടെയും അവധികൾ റദ്ദാക്കി.

*****************

## Amit Shah-meeting

പാകിസ്ഥാനെതിരായ സൈനിക നടപടികളുടെ പശ്ചാത്തലത്തിൽ സൈനിക മേധാവികളുമായി കൂടിക്കാഴ്ച നടത്തി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്. സംയുക്ത സേനാ മേധാവി അനിൽ ചൗഹാനുമായും അദ്ദേഹം സംവദിച്ചു. ബിഎസ്എഫ്, സിഐഎസ്എഫ്, ബിസിഎഎസ് തുടങ്ങിയ അർദ്ധ സൈനിക വിഭാഗങ്ങളുടെ മേധാവികളുമായി - കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ ഇന്ന് യോഗം ചേരും.

*****************

## Defence Ministry – media advisory

രാജ്യത്തെ എല്ലാ മാധ്യമങ്ങളും, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും, വ്യക്തികളും പ്രതിരോധ പ്രവർത്തനങ്ങളുടെയും, സേനാ നീക്കങ്ങളുടെയും തത്സമയ റിപ്പോർട്ടിംഗിൽ നിന്ന് വിട്ടുനിൽക്കാൻ നിർദേശിച്ച് പ്രതിരോധ മന്ത്രാലയം. ഔദ്യോഗിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാത്ത ഇത്തരം സംപ്രേക്ഷണങ്ങൾ സേനയുടെ പ്രവർത്തനങ്ങളേയും ജനങ്ങളുടെ ജീവനേയും ദോഷകരമായി ബാധിക്കുമെന്നും മന്ത്രാലയം മുന്നറിയിപ്പ് നൽകി.

*****************

## AIRPORT

സൈനിക നടപടികളുടെ പശ്ചാത്തലത്തിൽ രാജ്യത്തുടനീളമുള്ള വിമാനത്താവളങ്ങൾ അടച്ചിട്ടിരിക്കുകയാണെന്ന മാധ്യമ റിപ്പോർട്ടുകൾ തള്ളി വ്യോമയാന മന്ത്രാലയം . 24 വിമാനത്താവളങ്ങൾ മാത്രമാണ് നിലവിൽ അടച്ചിട്ടുള്ളതെന്നും മന്ത്രാലയം അറിയിച്ചു. എന്നാൽ മറ്റ് വിമാനത്താവളങ്ങളിൽ നിന്നുള്ള ചില വിമാന സർവീസുകൾ റദ്ദാക്കിയിട്ടുള്ളതിനാൽ യാത്രക്കാർ അതത് വിമാന കമ്പനികളുമായി ബന്ധപ്പെടണമെന്നും നിർദേശമുണ്ട്.

*****************

## Lt. Rajiv Chopra (Intro)

ഇന്ത്യ പാക് സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പ്രചരിക്കുന്ന വ്യാജ വാർത്തകളോട് ജാഗ്രത പുലർത്തണമെന്ന് പ്രതിരോധ വിദഗ്ധൻ, ലഫ്റ്റനന്റ് ജനറൽ രാജീവ് ചോപ്ര. പാക്കിസ്ഥാൻ സമൂഹമാധ്യമങ്ങളിലൂടെയടക്കം വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നുണ്ടെന്നും, ജനങ്ങൾ പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഉൾപ്പെടെയുള്ള വിശ്വാസയോഗ്യമായ മാധ്യമ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ മാത്രം പിന്തുടരണമെന്നും അദ്ദേഹം ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്)

*****************

## PIB FACT Check

ജമ്മു വ്യോമസേനാ താവളത്തിൽ ഒന്നിലധികം സ്ഫോടനങ്ങൾ നടന്നുവെന്ന തരത്തിൽ പ്രചരിക്കുന്ന ചിത്രം തെറ്റാണെന്ന് പിഐബി ഫാക്ട്ചെക്ക് വിഭാഗം. ഗുജറാത്തിലെ ഹസീറ തുറമുഖം ആക്രമിക്കപ്പെട്ടെന്ന തരത്തിൽ പ്രചരിക്കുന്ന വീഡിയോയും വ്യാജമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. രാജ്യത്ത് മൂന്ന് ദിവസത്തേയ്ക്ക് എ ടി എമ്മുകൾ അടച്ചിടും എന്ന തരത്തിൽ പ്രചരിക്കുന്ന വാട്സ്ആപ്പ് മേസേജുകൾ വസ്തുതാവിരുദ്ധമാണെന്നും അധികൃതർ വ്യക്തമാക്കി.

*****************

## Control Room

അതിർത്തി സംസ്ഥാനങ്ങളിലെ സംഘർഷാവസ്ഥയുടെ പശ്ചാത്തലത്തിൽ, വിദ്യാർത്ഥികൾ ഉൾപ്പെടെ ഇവിടെയുള്ള മലയാളികൾക്ക് സഹായവും വിവരങ്ങളും ലഭ്യമാക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയൻ്റെ നിർദേശ പ്രകാരം സെക്രട്ടറിയേറ്റിലും നോർക്കയിലും കൺട്രോൾ റൂം തുറന്നു. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യം ഇല്ലെന്നും അധികൃതർ നൽകുന്ന നിർദേശങ്ങൾ പാലിച്ച് സുരക്ഷിതരായിരിക്കുകയാണ് വേണ്ടതെന്നും മുഖ്യമന്ത്രി അറിയിച്ചു. സഹായം ആവശ്യമുള്ളപക്ഷം 0471-2517500/ 2517600 എന്ന സെക്രട്ടേറിയേറ്റ് നമ്പറിലോ 1800-425-3939 എന്ന നോർക്കയുടെ ടോൾ ഫ്രീ നമ്പറിലോ ബന്ധപ്പെടാം.

*****************

## REV RAILWAYS- JAMMU

ജമ്മുവിൽ നിന്നും ഉധംപൂരിൽ നിന്നും ന്യൂഡൽഹിയിലേക്ക് പ്രത്യേക ട്രെയിൻ സർവീസുകൾ നടത്താൻ തീരുമാനിച്ച് ഇന്ത്യൻ റെയിൽവേ. മേഖലയിലെ നിലവിലെ സാഹചര്യം പരിഗണിച്ചാണ് തീരുമാനം.

*****************

## **NIPA (INTRO)**

മലപ്പുറത്ത് നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. വളാഞ്ചേരി മുൻസിപ്പാലിറ്റിയിലെ നാല് വാർഡുകൾക്ക് പുറമെ

മാറാക്കര, എടയൂർ, ആതവനാട് ഗ്രാമപഞ്ചായത്തിലെ ചില വാർഡുകളും കണ്ടൈൻമെൻറ് സോണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. **വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.........**
(വോയിസ്)

*****************

## **SSLC RESULT**

സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷാ ഫലം ഇന്ന് വൈകുന്നേരം 3 മണിക്ക് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിക്കും. നാല് ലക്ഷത്തി 27,021 വിദ്യാർഥികളാണ് ഇത്തവണ എസ്എസ്എൽസി

പരീക്ഷയെഴുതിയത്. റ്റി.എച്ച്.എസ്.എൽ.സി, എ.എച്ച്.എസ്.എൽ.സി പരീക്ഷകളുടെ ഫലവും ഇന്ന് പ്രഖ്യാപിക്കും. സംസ്ഥാനത്തൊട്ടാകെ 72 കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിലാണ് ഇക്കുറി മൂല്യനിർണയം നടന്നത്.

*****************

## **IOCL-FUEL ADVISORY**

രാജ്യത്ത് ആവശ്യത്തിന് ഇന്ധന ശേഖരം ഉണ്ടെന്നും ഇന്ധനം വിതരണം സുഗമമായി പുരോഗമിക്കുന്നതായും

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ . ഇന്ധനം നിറയ്ക്കുന്നതിന് തിരക്കു കൂട്ടരുതെന്നും പരിഭ്രാന്തരാകേണ്ട സാഹചര്യമില്ലെന്നും ഐഒസിഎൽ അറിയിച്ചു. എല്ലാ ഔട്ലറ്റുകളിലും ഇന്ധനവും എൽപിജി സിലിണ്ടറുകളും

ലഭ്യമാണെന്നും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ വ്യക്തമാക്കി.

*****************

## PAK LOAN

യുദ്ധത്തിന്റെയും ഓഹരി വിപണിയിലെ തകർച്ചയുടെയും പശ്ചാത്തലത്തിൽ, കനത്ത സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കാൻ

അന്താരാഷ്ട്ര വായ്പകൾക്കായി അഭ്യർത്ഥിച്ച് പാകിസ്ഥാൻ. പാകിസ്ഥാൻ സർക്കാരിന്റെ സാമ്പത്തിക കാര്യ വിഭാഗം സമൂഹ മാധ്യമത്തിലൂടെയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

*****************

## J D Vance

ഇന്ത്യ-പാകിസ്ഥാൻ സംഘർഷങ്ങൾ ലഘൂകരിക്കണമെന്നും, പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകില്ല എന്ന്

പ്രതീക്ഷിക്കുന്നതായും യുഎസ് വൈസ് പ്രസിഡൻറ് ജെ ഡി വാൻസ്. നയതന്ത്ര തലത്തിലുള്ള പ്രശ്നപരിഹാരത്തിനാണ് അമേരിക്ക താത്പര്യപ്പെടുന്നതെന്നും സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ വാൻസ് വ്യക്തമാക്കി.

*****************

*************

***